ഉത്തരം

(എ) യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കുമാത്രം സഹായം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി അർഹതയില്ലാത്തവരെ ഒഴിവാക്കിക്കൊണ്ട് യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് തയ്യാറാക്കുന്നു. ഫിഷറീസ് വകുപ്പിൽനിന്നും, കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ അവർ യഥാർത്ഥ മത്സ്യത്തൊഴിലാളികളാണോ എന്ന് ഉറപ്പുവരുത്തിയതിനുശേഷം (നിയമപ്രകാരം കേരള ഫിഷറീസ് ക്ഷേമ സംഘം ആക്ട് 1981, കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ആക്ട് 1985 പ്രകാരവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവർ) മാത്രമേ അനുവദിക്കാറുള്ളു. മത്സ്യഫെഡ് വഴിയുള്ള സഹായം അനുവദിക്കുമ്പോഴും യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് മാത്രം സഹായം ലഭ്യമാക്കുന്നതിനുവേണ്ടി ഈ ലിസ്റ്റിൽപ്പെട്ട ആളാണോ എന്നു പരിശോധിക്കുന്നതിനുപുറമെ പദ്ധതിയുടെ സഹായം ലഭിക്കുന്ന തൊഴിലാളികൾ അവർ പിടിക്കുന്ന മത്സ്യം മത്സ്യഫെഡ് വഴി വിപണനം ചെയ്യണമെന്ന നിബന്ധന കർശനമായി നടപ്പിലാക്കുകവഴി അർഹതയില്ലാത്തവർക്ക് സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ഒഴിവാക്കുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

### മാപ്പിളബേയിലും ചോംപാലിലും മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

144 [4339] ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ:
,, ഇ. പി. ജയരാജൻ:
,, കെ. പി. മമ്മുമാസ്റ്റർ:
,, വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാപ്പിളബേയിലും ചോംപാലിലും മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ഇന്നത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ രണ്ടു തുറമുഖങ്ങളുടെ നിർമ്മാണത്തിനുവേണ്ട മൊത്തം തുക എത്രയാണ്; ഇതിൽ എത്ര ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മാപ്പിളബേയിലെ നിർദ്ദിഷ്ട ഫിഷിംഗ് ഹാർബറിനുവേണ്ട സ്ഥലം മിലിട്ടറി അധികാരികളിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ടി ജോലിയിൽ പ്രാഗൽഭ്യം നേടിയ കരാറുകാരെ നിർണ്ണയിച്ചുകഴിഞ്ഞു. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കല്ലുകൾ തൂക്കുന്നതിന് 30 ടൺ ശേഷിയുള്ള രണ്ട് വേയ്ബ്രിഡ്ജ്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിനുള്ള ടെണ്ടറുകൾ സർക്കാർ പരിശോധിച്ചുവരുന്നു. ചോംപാലിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ടി പദ്ധതിയുടെ പ്രധാന ഘടകങ്ങളായ പുലിമുട്ട് നിർമ്മാണത്തിന് കരാറുകാരെ നിർണ്ണയിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ രണ്ട് തുറമുഖങ്ങൾക്കുംകൂടി മൊത്തം 1120 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ 50 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്.

## മത്സ്യ ബന്ധന തുറമുഖങ്ങളുടെ വികസന പദ്ധതി

145 [4340] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഫിഷ് ലാൻഡിംഗ് സെൻറർ പണി തുടങ്ങുവാനുദ്ദേശിക്കുന്നു;

(സി) ഈ ആവശ്യങ്ങൾക്കായി നടപ്പുവർഷം എന്തുതുക വകയിരുത്തിയിട്ടുണ്ട്?

### ഉത്തരം

(എ) പണി മിക്കവാറും പൂർത്തിയായ നീണ്ടകര, വിഴിഞ്ഞം ഒന്നും രണ്ടും ഘട്ടങ്ങളുടെ ബാക്കി പുതിയാപ്പ, തങ്കശ്ശേരി, മുനമ്പം, ചോംപാൽ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനുമാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ചേററുവാ, പാലക്കോട്, ന്യൂമാഹി, ചാലിൽഗോപാലപേട്ട, അർത്തുങ്കൽ, കൊയിലാണ്ടി, വിഴിഞ്ഞം സൗത്ത് എന്നീ സെൻററുകൾ കൂടാതെ കാർട്ടൂർ-പൊള്ളത്തായ, പുന്നപ്ര എന്നീ സ്ഥലങ്ങളിൽ ഫിഷ്ലാൻറിംഗ് സെൻററുകൾ നിർമ്മിക്കുന്നതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തെക്കൻ പറവൂർ മുതലായ കൂടുതൽ സ്ഥലങ്ങളിൽ ഫിഷ് ലാൻറിംഗ് സെൻററുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഈ ആവശ്യങ്ങൾക്കായി നടപ്പുവർഷം 586 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിന് മണ്ണെണ്ണക്വാട്ട വർദ്ധിപ്പിക്കാൻ നടപടി

146 [4341] ശ്രീ. എം. ജെ. സക്കറിയ:
,, കല്ലടി മുഹമ്മദ്:
,, കെ. കെ. അബു:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണക്വാട്ട എത്രയാണ്;

2/18—8

LIBRARY ARCHIVES Kerala Legislative Assembly